ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അനേകം വ്യവസായങ്ങൾ ഉണ്ട്. അതെല്ലാം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. ജി. സദാശിവൻ : പനമ്പു വ്യവസായം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പല വ്യവസായങ്ങളുമുണ്ട്. പനമ്പു വ്യവസായത്തെയും ഉൾപ്പെടുത്തും.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഗ്രാമീണ വ്യവസായങ്ങൾ എന്തെല്ലാം ആണെന്ന് പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗ്രാമങ്ങളിൽ ഗ്രാമീണർ ചെയ്യാവുന്ന വ്യവസായങ്ങളാണ് ഗ്രാമീണ വ്യവസായം എന്നു പറയുന്നതു്.

ശ്രീ. പി. കെ. ചാത്തൻ : ഗവണ്മെന്റിന്റെ ഈ പദ്ധതി ആവിഷ്കരിച്ചതു് ആരാണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ നാട്ടിലെ പല കമ്മിറ്റികളുടേയും അഭിപ്രായങ്ങളും മുമ്പിൽവച്ചുകൊണ്ടു് ഇവിടത്തെ ഗവണ്മെന്റാണു്.

പൈലോ പാപ്പുവിന്റെ മരണകാരണം.

* 253. [5] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ :

(എ) കാലടി സ്വദേശിയായ പൈലോ പാപ്പുവിന്റെ മരണത്തിനു കാരണം പോലീസു് മർദ്ദനമാണെന്നുള്ള ആരോപണത്തെ മുൻനിറുത്തി പോലീസധികൃതരെ നിയോഗിച്ചു നടത്തിയ അന്വേഷണഫലം എന്തായിരുന്നു ;

(ബി) ഏതുദ്യോഗസ്ഥനാണു് അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിച്ചതു് ;

(സി) വീണ്ടും ഒരന്വേഷണം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) പോലീസ് അന്വേഷണത്തിൽ പാപ്പുവിന്റെ മരണത്തിനു കാരണം അയാൾ കൂട്ടുകളിച്ചുകൊണ്ടിരിക്കവേ പോലീസുകാരുടെ അറസ്റ്റിനെ ഒഴിവാക്കാൻ ഓടിപ്പോയപ്പോൾ മുട്ടറ്റം ഇരുട്ടുള്ള കിടന്നിരുന്ന ഒരു പാളവണ്ടിയുടെ നടുത്തൽ ചെന്നടിച്ചു് വയറിൽ ഇരുമ്പുമായ ക്ഷതമേറ്റതിനാലാണെന്നു് വെളിപ്പെട്ടു.

(ബി) സർക്കിൾ ഇൻസ്പെക്ടർ ചാലക്കുടി, ഗ്രേഡ് എ. എസ്. പി., ഗ്രേഡ് ഡി. എസ്. പി. എന്നിവർ ഡിപ്പാർട്ടുമെന്റൽ അന്വേഷണം നടത്തി.

(സി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡിപ്പാർട്ടുമെന്റൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഐ. ജി., പാപ്പുവിന്റെ മരണത്തിൽ യാതൊരു പോലീസ് കയ്യേറ്റവും ഉണ്ടായിരുന്നില്ലെന്നും, എന്നാൽ ചൂതുകളി സ്ഥലത്തുനിന്നും പോലീസിന്റെ അറസ്റ്റിനെ ഭയന്ന് ഇരുട്ടിൽ ഓടി പ്പോയപ്പോൾ, വഴിയിൽ കിടന്നിരുന്ന ഒരു കാളവണ്ടിയുടെ നകം വയറിൽ ഇടിച്ചുതുകൊണ്ടാണ് മരിച്ചതെന്നും പ്രസ്താവന പുറപ്പെടുവിച്ചു. എന്നിട്ടും പോലീസിന്റെ കയ്യേറ്റം നിമിത്തം മാത്രമാണ് പാപ്പു മരിച്ചതെന്ന് പ്രസ്താവനകം കാണാനിടയായി. അതിനാൽ, സംഭവത്തിന്റെ യഥാർത്ഥ വിവരം അറിയുവാൻ ഒരു പരസ്യാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തൃശ്ശൂർ കളക്ടരോട് ആവശ്യപ്പെട്ടിരിക്കയാണ്.

ശ്രീ. ടി. എ. മജീദ് : ഈ കാളവണ്ടിയുടെ ഉടമസ്ഥന്റെ പേരിലും കേസെടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതിന്റെ ആവശ്യമുണ്ടെന്നു തോന്നിയില്ല.

ശ്രീ. കെ. പി. ഹാർമിസ് : പരസ്യാന്വേഷണത്തിന് പാപ്പുവിന്റെ ഭാഗത്തേക്കും ഗവണ്മെന്റിന്റെ ഭാഗത്തേക്കും വക്കീലന്മാരെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : പോലീസിന്റെ ഭാഗത്തേക്കു വക്കീലുണ്ട്.

ശ്രീ. കെ. പി. ഹാർമിസ് : പാപ്പുവിന്റെ ഭാഗത്തേക്കു വക്കീലില്ലാതെ എങ്ങനെ അന്വേഷണം ശരിയാകും ?

ശ്രീ. എ. ജെ. ജോൺ : പരസ്യാന്വേഷണം നടത്തുമ്പോൾ രണ്ടു കക്ഷികൾക്കും വക്കീലന്മാരെ വയ്ക്കാം.

ശ്രീ. കെ. പി. ഹാർമിസ് : മരിച്ചുപോയ പാപ്പുവിനുവേണ്ടി ആരാണ് വക്കീലിനെ വച്ചു കേസ് നടത്തുന്നതു് ?

ശ്രീ. എ. ജെ. ജോൺ : പാപ്പു മരിച്ചുപോയതുകൊണ്ട് അയാൾക്കു കേസുനടത്താൻ സാധ്യമല്ലെന്ന് അറിയാം. അയാളോട് താല്പര്യമുള്ള വക്കു് നടത്താം.

ശ്രീ. കെ. പി. ഹാർമിസ് : അങ്ങനെയാകുമ്പോൾ പാപ്പുവിന്റെ ഭാഗത്തേക്കു് പൊതുജനങ്ങൾക്കു് വരുന്ന ചെലവു് ഗവണ്മെന്റു വഹിക്കുമോ ?

ശ്രീ. എ. ജെ. ജോൺ : വഹിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ടി. ടി. [illegible] : ചൂതുകളിയും പകട കളിയും പോലുള്ള ചീട്ടുകളിയും മൂലം ഇതുപോലെയുള്ള ഈതിൽ അധികവും അപകടങ്ങളും പല ഭാഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : പല ഭാഗങ്ങളിലും അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാലും ഗ്യാമ്പിളിംഗിനെ സംബന്ധിച്ചു് ഒരു ബിൽ ഇവിടെ അവതരിപ്പിക്കുന്നുണ്ടു്.

ശ്രീ. കെ. എ. ബാലൻ : ആരുടെ അപേക്ഷയെ അടിസ്ഥാനപ്പെടുത്തിയാണ് പരസ്യാന്വേഷണം നടത്താൻ നർദ്ദേശിതമായതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : പലരും അങ്ങനെ അഭിപ്രായപ്പെട്ടിരുന്നു.

ശ്രീ. കെ. എ. ബാലൻ : പൊതുജനങ്ങളുടെ അഭിപ്രായം അറിച്ച് പാപ്പുവിനുകൂടി ഒരു വക്കീലിനെ വയ്ക്കാൻ കഴിഞ്ഞില്ലേ ?

ശ്രീ. എ. ജെ. ജാൺ : പാപ്പുവിനു വക്കീലിനെ ഏർപ്പെടുത്താൻ സാധിക്കയില്ല, അയാൾ മരിച്ചുപോയി. പാപ്പുവിനുവേണ്ടി ഗവണ്മെൻറ് ഒരു വക്കീലിനെ ഏർപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീമതി. കെ. ആർ. ഗൗരി : സാധാരണ കൊലക്കേസു നടക്കുമ്പോൾ പ്രോസിക്യൂഷൻഭാഗത്തേക്കു വക്കീലിനെ നിയമിക്കുന്നതു് ഗവണ്മെൻറല്ലേ ?

ശ്രീ. എ. ജെ. ജാൺ : അതേ.

ശ്രീമതി കെ. ആർ. ഗൗരി : പാപ്പു മരിച്ചുപോയതുകൊണ്ടു് പ്രോസിക്യൂഷൻ ഭാഗത്തേക്കു ഗവണ്മെൻറ് ഒരു വക്കീലിനെ നിയമിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : കേസു നടത്തുകയാണെങ്കിൽ വക്കീലിനെ വയ്ക്കും.

ശ്രീമതി കെ. ആർ. ഗൗരി : ഇൻവസ്റ്റിഗേഷൻ തെളിവുകൊടുക്കേണ്ട സ്ഥിതി സംജാതമായിരിക്കുമ്പോൾ ഗവണ്മെൻറ് വക്കീലിനെ നിയമിക്കേണ്ടതല്ലേ ?

ശ്രീ. എ. ജെ. ജാൺ : ഇതു പ്രോസിക്യൂഷനല്ല. പരസ്യാന്വേഷണം നടത്തുകയാണു്. ആവശ്യമുണ്ടെങ്കിൽ കക്ഷികൾക്കും വക്കീലിനെ ഏർപ്പെടുത്താം. അതു കൂടാതെയും നടത്താം.

ശ്രീ. കെ. എ. ബാലൻ : ഇതു് പക്ഷപാതപരമായ ഒരു നടപടിയായി ജനങ്ങൾ കണക്കാക്കുകയല്ലേ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

സേവാദളം എന്ന സ്ഥാപനം.

* 254. [6] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സൈനികമോ അർദ്ധസൈനികമോ ആയ രീതിയിൽ പരിശീലനം ചെയ്യുന്നതിനുള്ള അനുവാദം വ്യക്തികൾക്കോ സംഘടനകൾക്കോ നൽകിയിട്ടുണ്ടോ ;

(ബി) സേവാദളം എന്ന പേരിൽ ഒരു സ്ഥാപനം സൈനിക രീതിയിൽ ലാത്തി അഭ്യാസങ്ങൾ പരിശീലിച്ചുവരുന്നതായി ഗവണ്മെൻറിനു വിവരം ലഭിച്ചിട്ടില്ലേ ;

(സി) ഇപ്രകാരമുള്ള പരിശീലനത്തെ പ്രോത്സാഹിപ്പിക്കാൻ ഗവണ്മെൻറ് ഒരുക്കമാണോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഇല്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly